പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 203 — 28/06/2016 ൽ മറുപടിക്ക്

## കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിടനിർമ്മാണം

| | ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിടനിർമ്മാണം സംബന്ധിച്ച് ഇപ്പോൾ ആരോഗ്യ വകുപ്പിലുള്ള 221/M2/H&FW ഫയലിന്റെ അവസ്ഥ വ്യക്തമാക്കാമോ; ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണ്; ഈ ഫയലിൽ എത്രയുംവേഗം തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിടനിർമ്മാണം സംബന്ധിച്ച് ആരോഗ്യ വകുപ്പിൽ ഫയലുകളൊന്നും നിലവിലില്ല. എന്നാൽ ടി ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം ഈ വകുപ്പിലെ 13344/എം1/2013/ആകുവ നമ്പർ ഫയലിൽ പരിശോധിച്ച വരുന്നു. ആയതിലേക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച വിവരങ്ങൾ അടങ്ങിയ ശുപാർശ ഈ വകുപ്പിൽ ലഭ്യമായ തപാൽ നമ്പർ ആണ് 221/M1/16/H&FW. |
| (ബി) | ഈ ഫയലിൽ ഡി.എം.ഒ യുടെയും ഡി.എച്ച്.എസ് ന്റെയും റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; ഇവ എത്രയും വേഗം വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഈ ഫയലിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പൂർണ്ണമല്ലാതിരുന്നതിനാൽ വീണ്ടും അധിക വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ഉടൻ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

Sharala

സെക്ഷൻ ഓഫീസർ